(ഡി)

വർഷം	തുക (കോടിൽ)
2011 മാർച്ച് 31	3513.72
2012 മാർച്ച് 31	2711.17
2013 മാർച്ച് 31	3200.77
2014 മാർച്ച് 31	758.56
2014 ഒക്ടോബർ 31	1302.65

(ഇ&എഫ്) വിവരം ശേഖരിച്ചുവരുന്നു.

സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ നിർദ്ദേശങ്ങൾ

137 (477) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നിർദ്ദേശങ്ങൾ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി വരികയുണ്ടായി ;

(ബി) അതിന്മേൽ മന്ത്രിസഭ എടുത്ത തീരുമാനങ്ങളും അതേ തുടർന്ന് പുറപ്പെടുവിച്ച ഉത്തരവുകളും ലഭ്യമാക്കാമോ ;

(സി) ഓരോ തീരുമാനത്തിന്റെ ഫലമായും തന്നാണ്ടിലെ ബഡ്ജറ്റിൽ കണക്കാക്കപ്പെട്ടതിന് പുറമെയുണ്ടാകുന്ന അധിക വരുമാനം എത്ര കോടി രൂപ വീതമാണെന്നുള്ളത് ഇനം തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഇപ്പോഴുള്ള സാമ്പത്തിക ഞെരുക്കം നേരിടുന്നതിനായി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗറ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

19-9-2014-ലെ സ.ഉ.(പി) നം. 409/2014/ധന പ്രകാരം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. 19-9-2014-ലെ സ.ഉ.(പി) നം. 399/2014/ധന ഉത്തരവ് പ്രകാരം റവന്യൂ കടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി കടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ഓരോ ജില്ലയിലും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ മേൽനോട്ട സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു. 10-11-2014-ലെ സ.ഉ.(പി) നം. 482/2014/ധന പ്രകാരം നികുതി കടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ രൂപയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 25-9-2014-ലെ സ.ഉ.(എം.എസ്.) നം. 88/2014/WRD പ്രകാരം വാട്ടർ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തതിനായി വരുന്ന ആറ് മാസത്തിനുള്ളിൽ ആയിരം കോടി രൂപയെങ്കിലും ധനവിപണിയിൽ നിന്നും സമാഹരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുവാനായി അസ്സറ്റ്സ്റ്റണബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ നിന്നുമുള്ള ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേയ്ക്ക് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ കൂടാതെ ചെലവ് ചുരുക്കലിനുള്ള നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. 2015 മാർച്ച് 31 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മൂപ്പതിനായിരത്തോളം താൽക്കാലിക തസ്തികകൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15-ൽ തന്നെ നിറുത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്. (ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(സി) തീരുമാനങ്ങളുടെ ഫലമായി പ്രതീക്ഷിക്കുന്ന അധിക വരുമാനം ചുവടെ കൊടുത്തിരിക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

ഇനം	തുക (കോടിയിൽ)
ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്മേലുള്ള നികുതി	1130
വൈൻ, ബിയർ അധിക നികുതി	100
സിഗറ്റ്	264
ഭൂനികുതി	78
തോട്ടം നികുതി	3
പെട്രോൾ, ഡീസൽ വില റവന്യൂ ന്യൂട്രലാക്കിയത് മൂലം	112
ഭൂമിയുടെ ന്യായവില പുനർനിർണ്ണയം	520

ധന ഉത്തരവാദിത്വ നിയമം

138 (478) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധന ഉത്തരവാദിത്വ നിയമം സർക്കാർ പാസ്സാക്കിയത് ഏത് തീയതിയിലായിരുന്നു, അതിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) നിയമ വ്യവസ്ഥകളും സർക്കാരിന്റെ ധനസ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ ധനകമ്മി, റവന്യൂ കമ്മി, ബഡ്ജറ്റ് കമ്മി ബാധ്യതകൾ തുടങ്ങിയ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2003 സെപ്റ്റംബർ 17-ാം തീയതി പുറപ്പെടുവിച്ച കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിലെ പ്രധാന വ്യവസ്ഥകൾ താഴെ പ്പറയുന്നവയാണ് :

LIBRARY ARCHIVES Kerala Legislative Assembly